പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
നിയമസഭാ ചോദ്യം നം: **303**

24.06.2013 ൽ മറുപടിയ്ക്ക്

## അതിജ്വലന വസ്തുക്കൾ വഹിക്കുന്ന വാഹനങ്ങൾ ഉണ്ടാക്കുന്ന അപകടങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ<br>" കെ. എം. ഷാജി<br>" സി. മോയിൻകുട്ടി<br>" എൻ. എ. നെല്ലിക്കുന്ന് | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) | |
| (എ) | അതിജ്വലന വസ്തുക്കൾ വഹിക്കുന്ന വാഹനങ്ങൾ അശ്രദ്ധമായും, അമിത വേഗത്തിലും തിരക്കേറിയ റോഡുകളിലൂടെ പായുന്നതുമൂലം ഉണ്ടാകാവുന്ന അപകടങ്ങളെക്കുറിച്ചും, നാശനഷ്ടങ്ങളെക്കുറിച്ചും ഗൗരവപൂർവ്വം പരിശോധിച്ചിട്ടുണ്ടോ ; | (എ) | പരിശോധിച്ചിട്ടുണ്ട്. |
| (ബി) | കണ്ണൂരിലെ ചാലയിൽ അപകടമുണ്ടായശേഷവും ഗുരുതരമായ അപകടങ്ങൾ ഉണ്ടായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | ഇത്തരം അപകടങ്ങൾ ആവർത്തിക്കാതിരിക്കാൻ 'ചാല' സംഭവത്തിനു ശേഷം എന്തെല്ലാം മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ട് ; | (സി) | പ്രസ്തുത സംഭവത്തിനുശേഷം ബഹു. മുഖ്യമന്ത്രിയുടെയും ചീഫ് സെക്രട്ടറിയുടെയും അദ്ധ്യക്ഷതയിൽ പ്രത്യേകം പ്രത്യേകം മീറ്റിംഗുകൾ ബന്ധപ്പെട്ട വകുപ്പിലെ ഉദ്യോഗസ്ഥരുടെ പ്രാതിനിധ്യത്തോടെ ചേരുകയും സ്വീകരിക്കേണ്ട മുൻകരുതൽ നടപടികളെ സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകൾക്ക് ഇതിനകം നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. |

ദേശീയപാത ഉൾപ്പെടെയുള്ള പ്രധാന റോഡുകളിലെ അനധികൃത പാർക്കിംഗ് നിയന്ത്രിക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതിനും സുരക്ഷിതമായ സ്ഥലങ്ങളിൽ പാർക്കിംഗ് അനുവദിച്ചുകൊണ്ടുള്ള ബോർഡുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതിന്, സംസ്ഥാന പോലീസ് മേധാവിയ്ക്ക് നിർദ്ദേശം നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ ദേശീയ സംസ്ഥാന പാതയിലെ അനധികൃത കയ്യേറ്റങ്ങൾ, അശാസ്ത്രീയമായി നിർമ്മിച്ചിട്ടുള്ള ഡിവൈഡറുകൾ, പരസ്യബോർഡുകൾ എന്നിവ നീക്കം ചെയ്യുന്നതിനും ടാങ്കർ ലോറികൾക്ക് സുരക്ഷിതമായ സ്ഥലങ്ങളിൽ പാർക്കിംഗ് അനുവദിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും പോലീസിൽ നിന്നും നൽകിയിട്ടുണ്ട്.

കൂടാതെ, അത്തരത്തിലുള്ള അപകടങ്ങൾ വിദഗ്ദ്ധമായി കൈകാര്യം ചെയ്യുന്നതിനായി അഗ്നി സുരക്ഷാ വകുപ്പിലെ ആഫീസർമാർക്കും, ജീവനക്കാർക്കും കൊച്ചിൻ റിഫൈനറീസിൽ നിന്നും വിദഗ്ദ്ധ പരിശീലനം വിവിധ ഘട്ടങ്ങളായി നൽകുന്നതിനും ഫയർ ആന്റ് റസ്ക്യൂ സർവ്വീസസ് നടപടി സ്വീകരിച്ചിട്ടുണ്ട്.

| | |
|---|---|
| (ഡി) ജ്വലനസാധ്യതയുള്ള വസ്തുക്കളുടെ നീക്കത്തിന് പാലിക്കേണ്ട സുരക്ഷാ മാനദണ്ഡങ്ങൾ കർശനമാക്കുമോ ? | (ഡി) ജ്വലന സാധ്യതയുള്ള വസ്തുക്കളുടെ നീക്കത്തിന് പാലിക്കേണ്ട സുരക്ഷാ മാനദണ്ഡങ്ങൾ അനുസരിച്ച് ജ്വലന സാധ്യതയുള്ള വസ്തുക്കൾ കൊണ്ടുപോകുന്ന വാഹനങ്ങളിൽ രണ്ട് ഡ്രൈവർമാർ ഉണ്ടായിരിക്കേണ്ടതും വാഹനങ്ങളുടെ ഡ്രൈവറുടെ ക്യാബിൻ ഓറഞ്ച് നിറത്തിലും, ബോഡി വെള്ള നിറത്തിലും മധ്യഭാഗത്ത് ചുറ്റിലും 5 സെന്റീമീറ്റർ വീതിയിലും ബ്രൗൺ കളറിലും (Dry Brown Leaf Colour) പെയിന്റ് |

ചെയ്തിരിക്കുകയും വേണം. ഇത്തരം വാഹനങ്ങളിൽ സ്പാർക്ക് അറസ്റ്റർ, അടിയന്തിര സുരക്ഷാ ഉപകരണങ്ങൾ, പ്രഥമ ശുശ്രൂഷയ്ക്ക് ആവശ്യമായ വസ്തുക്കൾ, ബ്രീത്തിംഗ് അപ്പാരറ്റസ്, സേഫ്റ്റി റിലീഫ് വാൽവ്, പ്രഷർ ഗേജ്, അപകടങ്ങളിൽ അടിയന്തിരമായി സ്വീകരിക്കേണ്ട നടപടികൾ വിശദീകരിക്കുന്ന Tremcard (Transport Emergency Card) എന്നിവ നിർബന്ധമായും ഉണ്ടായിരിക്കണം എന്ന് വ്യവസ്ഥയുണ്ട്. ഇവയെല്ലാം പോലീസ് പരിശോധനാ വിധേയമാക്കി സുരക്ഷ ഉറപ്പു വരുത്തുന്നുമുണ്ട്.

സെക്ഷൻ ഓഫീസർ